# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയും തമ്മിലുള്ള പ്രതിനിധിതല ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

   **Delegation-Level Talks Between PM Modi and Canadian PM Mark Carney Underway in New Delhi**

2. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം. സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്ന് ഇന്ത്യ.

   **Tensions are escalating in the Middle East. India urges to prioritize the safety of civilians.**

3. ഇറാനെതിരെ ഉണ്ടായ ഇസ്രായേൽ-യുഎസ് ആക്രമണങ്ങളെത്തുടർന്ന് ഇന്ത്യയിലും അക്രമങ്ങൾക്ക് സാധ്യതയുണ്ടെന്ന് സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകി കേന്ദ്രം.

   **The Centre has issued a cautionary letter to States against possible violence in India in the wake of Israel-US strikes against Iran.**

4. പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് യുഎഇ, സൗദി അറേബ്യ, ഇസ്രായേൽ, ഖത്തർ എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള എല്ലാ വിമാനങ്ങളും റദ്ദാക്കി എയർ ഇന്ത്യ.

   **Air India Extends Flight Suspension to UAE, Saudi Arabia, Israel, Qatar.**

5. ഗൾഫ് മേഖലയിൽ എസ്.എസ്.എൽ.സി - ഹയർ സെക്കന്ററി പരീക്ഷകൾ മാറ്റി വച്ചതായി മന്ത്രി വി ശിവൻകുട്ടി.

   **Minister V Sivankutty said that SSLC and Higher Secondary examinations have been postponed in the Gulf region.**

6. ആറ്റുകാൽ പൊങ്കാലയ്ക്കൊരുങ്ങി തിരുവനന്തപുരം നഗരം. സുരക്ഷാ ക്രമീകരണങ്ങൾ ശക്തം.

**Preparations underway for Attukal Pongala in Thiruvananthapuram, with strict security measures in place.**

*******************

## JAISHANKAR – CANADA PM

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ക്യാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയും തമ്മിലുള്ള പ്രതിനിധിതല ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ഇന്ത്യ-ക്യാനഡ തന്ത്രപരമായ പങ്കാളിത്തത്തിൽ കൈവരിച്ച പുരോഗതി ഇരുനേതാക്കളും അവലോകനം ചെയ്യും. ഇന്ത്യ-ക്യാനഡ സിഇഒ ഫോറത്തിലും പ്രധാനമന്ത്രിമാർ പങ്കെടുക്കും. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ ഇന്ന് രാവിലെ ന്യൂഡൽഹിയിൽ കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയെ സന്ദർശിച്ചു.

*******************

## IRAN – ISRAEL CONFLICT (INTRO)

പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നു. അമേരിക്കയുമായി ചർച്ച നടത്തില്ലെന്ന് ഇറാനിയൻ സുരക്ഷാ ഉദ്യോഗസ്ഥൻ അലി ലാരിജാനി വ്യക്തമാക്കി. ഇറാന്റെ പരമോന്നത നേതാവ് ഖമേനിയെ കൊലപ്പെടുത്തിയ യുഎസ് വ്യോമാക്രമണങ്ങളെ ഇറാൻ വിദേശകാര്യ മന്ത്രി

അബ്ബാസ് അരാഗ്ചി ശക്തമായി അപലപിച്ചു. പശ്ചിമേഷ്യൻ സംഭവവികാസങ്ങളിൽ കടുത്ത ആശങ്ക പ്രകടിപ്പിച്ച ഇന്ത്യ രാജ്യങ്ങൾ സംയമനം പാലിക്കണമെന്നും, സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്നും അഭ്യർത്ഥിച്ചു. ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി തിരിച്ചെത്തിക്കുന്നതിന് വിവിധ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രാലയങ്ങളുമായി ചേർന്ന് നടപടികൾ ഉറപ്പാക്കുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു.

വിശദാംശങ്ങളിലേക്ക്......

*ഇറാന്റെ പരമോന്നത നേതാവ് ആയത്തൊള്ള അലി ഖമേനേയി കൊല്ലപ്പെട്ടതിനെ തുടർന്ന് ഇറാൻ നഗരങ്ങളിൽ പ്രതിഷേധം ശക്തമായിരിക്കുകയാണ്. ഇറാനിലെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ്*

*കോർപ്സ് ആസ്ഥാനം ആക്രമണത്തിൽ തകർത്തതായി യുഎസ് സൈന്യം സ്ഥിരീകരിച്ചു. ഇറാനെതിരെയുള്ള യു. എസിന്റെ ഓപ്പറേഷൻ എപ്പിക് ഫ്യൂറിക്കിടെ മൂന്ന് അമേരിക്കൻ സൈനികർ കൊല്ലപ്പെട്ടതായും അഞ്ചു പേർക്ക് ഗുരുതരമായി പരിക്കേറ്റതായും സ്ഥിരീകരണമുണ്ട്. അമേരിക്കയുടെ എല്ലാ ലക്ഷ്യങ്ങളും കൈവരിക്കുന്നതുവരെ ഇറാനെതിരായ ആക്രമണം തുടരുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് സമൂഹ മാധ്യമമായ ട്രൂത്ത് സോഷ്യലിലൂടെ അറിയിച്ചു. എന്നാൽ, യു.എസ് - ഇസ്രായേൽ ആക്രമണങ്ങൾക്കെതിരെ, ഇസ്രായേലിലേക്കും ഗൾഫ് മേഖലയിലെ യുഎസ് സൈനിക കേന്ദ്രങ്ങളിലേക്കും സൗദി തലസ്ഥാനത്തേക്കും ദുബായിലേക്കും മിസൈലുകളും ഡ്രോണുകളും വിക്ഷേപിച്ചുകൊണ്ടാണ് ഇറാൻ പ്രതികരിച്ചത്. അതേസമയം, ഇറാൻ മിസൈൽ ആക്രമണങ്ങളെ അപലപിച്ച ബ്രിട്ടനും ഫ്രാൻസും ജർമ്മനിയും അമേരിക്കയ്ക്ക് പിന്തുണ അറിയിച്ചു. പ്രതിരോധ ആക്രമണങ്ങൾക്ക് ബ്രിട്ടീഷ് താവളങ്ങൾ ഉപയോഗിക്കാൻ അമേരിക്കയ്ക്ക് അനുമതി നൽകിയതായി ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ പറഞ്ഞു. ന്യൂസ് ഡെസ്ക് ആകാശവാണി.*

*******************

## PM CABINET – CCS

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ സുരക്ഷാ കാര്യങ്ങൾ വിലയിരുത്തുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസതിയിൽ ഇന്നലെ സുരക്ഷാ കാര്യ മന്ത്രിസഭാ സമിതി യോഗം ചേർന്നു. ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ധനമന്ത്രി നിർമ്മല സീതാരാമൻ എന്നിവർ പങ്കെടുത്തു.

*******************

## CENTRE STATE LETTERS

ഇറാനെതിരെ ഉണ്ടായ ഇസ്രായേൽ-യുഎസ് ആക്രമണങ്ങളെത്തുടർന്ന് ഇന്ത്യയിലും അക്രമങ്ങൾക്ക് സാധ്യതയിണ്ടെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. പ്രകോപനപരമായ പ്രസംഗങ്ങൾ ഉൾപ്പടെ നടത്തുന്ന ഇറാൻ അനുകൂലികളെ തിരിച്ചറിയാൻ ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കത്ത് അയച്ചതായാണ് റിപ്പോർട്ട്.

## AIR INDIA– TRAVEL ADVISORY

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് യുഎഇ, സൗദി അറേബ്യ, ഇസ്രായേൽ, ഖത്തർ എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള എല്ലാ വിമാനങ്ങളും എയർ ഇന്ത്യ ഇന്ന് റദ്ദ് ചെയ്യു. കൂടാതെ, ഇന്ന് ഷെഡ്യൂൾ

ചെയ്തിട്ടുള്ള യൂറോപ്പിലേക്കുള്ള തിരഞ്ഞെടുത്ത ചില വിമാനങ്ങളും റദ്ദാക്കിയിട്ടുണ്ട്. വടക്കേ അമേരിക്കയിലേക്കും യൂറോപ്പിലേക്കും ഉള്ള മറ്റെല്ലാ വിമാനങ്ങളും ബദൽ റൂട്ടുകളിലൂടെ പ്രവർത്തിക്കുമെന്നും ആയതിനാൽ യാത്രാ സമയം കൂടുതലായിരിക്കുമെന്നും എയർ ഇന്ത്യ പുറപ്പെടുവിച്ച നിർദേശത്തിൽ പറയുന്നു.

## UAE-EMBASSY-CLOSSURE

ടെഹ്റാനിലെ എംബസി അടച്ചുപൂട്ടിയതായും അംബാസഡറേയും ഉദ്യോഗസ്ഥരെയും തിരിച്ചു വിളിച്ചതായും യു.എ.ഇ അറിയിച്ചു. ഇറാൻ മിസൈൽ ആക്രമണം തുടരുന്ന പശ്ചാത്തലത്തിലാണ് നടപടി. യുണൈറ്റഡ് അറബ് എമിറേറ്റ്സിനേയും ഒമാനേയും ലക്ഷ്യമിട്ടുള്ള ആക്രമണങ്ങളെ ശക്തമായി അപലപിക്കുന്നതായും പൗരാവകാശങ്ങളുടെ ലംഘനമാണ് നടക്കുന്നതെന്നും യു.എ.ഇ അഭിപ്രായപ്പെട്ടു.

*******************

## CM- PM

സംഘർഷ സാഹചര്യത്തിൽ പ്രവാസി മലയാളികൾക്ക് വേണ്ടി അടിയന്തര ഇടപെടൽ അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. പ്രവാസികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും, സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുമുള്ള അടിയന്തര മുന്നൊരുക്കങ്ങൾ ഉണ്ടാകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

*******************

## NORKA

നോർക്ക റൂട്ട്സിൻറെ ഹെൽപ്പ് ഡെസ്ക് സഹായത്തിനായി +91- 880 201 2345 എന്ന നമ്പറിൽ ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും 1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഡൽഹി കേരള ഹൗസിലും കൺട്രോൾ റൂം തുറന്നിട്ടുണ്ട്.

*******************

## SIVANKUTTY (INTRO)

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഗൾഫ് മേഖലയിൽ ഈ മാസം 5 ലെ എസ്.എസ്.എൽ.സി പരീക്ഷയും 5, 6, 7 തീയതികളിലെ ഹയർ സെക്കൻ്ററി പരീക്ഷയും മാറ്റി വെയ്ക്കാൻ തീരുമാനിച്ചതായി മന്ത്രി വി ശിവൻകുട്ടി. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

(വോയ്സ്)

*******************

## JK - OMAR ABDULLAH

ഇറാനിൽ ജമ്മു കശ്മീരിൽ നിന്നുള്ളവരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചതായി മുഖ്യമന്ത്രി ഒമർ അബ്ദുള്ള. പശ്ചിമേഷ്യൻ സംഘർഷങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച അദ്ദേഹം, സമാധാനം പുനഃസ്ഥാപിക്കണമെന്നും പറഞ്ഞു. അതേസമയം, ഇറാൻ പരമോന്നത നേതാവ് ഖമനേയി കൊല്ലപ്പെട്ട സംഭവത്തിൽ സമാധാനപരമായി അനുശോചിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിന് അവസരമുണ്ടാകണമെന്നും അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിൽ നിന്ന് വിട്ട് നിൽക്കണമെന്നും ശ്രീ ഒമർ അബ്ദുള്ള ആവശ്യപ്പെട്ടു.

*******************

## AIR SEVA PORTAL

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ വിമാനയാത്രക്കാരുടെ സംശയങ്ങളും പരാതികളും പാസഞ്ചർ അസിസ്റ്റന്റ് കൺട്രോൾ റൂം വഴി പരിഹരിക്കുന്നതായി വ്യോമയാന മന്ത്രാലയം. 411 പരാതികൾ ഇതുവരെ പരിഹരിച്ചതായി മന്ത്രാലയം വ്യക്തമാക്കി. എയർസേവാ പോർട്ടലിലൂടെയോ 011-24 60 42 83 അല്ലെങ്കിൽ 011-24 63 29 87 എന്നീ ഹെൽപ് ലൈൻ നമ്പറിലൂടെയോ യാത്രക്കാർക്ക് സഹായം ലഭിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

*******************

## GLOBAL MARKETS

പശ്ചിമേഷ്യൻ സംഘർഷത്തിന് പിന്നാലെ ആഗോള വിപണികളിൽ പ്രതിസന്ധി. ഇന്ത്യൻ ഓഹരി വിപണികളിൽ വൻ ഇടിവ് രേഖപ്പെടുത്തി. സെൻസെക്സ് 1,466 പോയിന്റ് നഷ്ടത്തിൽ 79,822 ലും നിഫ്റ്റി 449 പോയിന്റ് ഇടിഞ്ഞ് 24,730 ലും വ്യാപാരം തുടരുന്നു. വ്യോമാതിർത്തികൾ അടച്ചതോടെ എയർലൈൻ ഓഹരികൾ നഷ്ടത്തിലായി. ആഗോള എണ്ണവിലയും കുതിച്ചുയർന്നു. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഉപയോഗിക്കുന്ന ബ്രെന്റ് ക്രൂഡ് ഓയിൽ വില ബാരലിന് ഏകദേശം 9 ശതമാനം ഉയർന്ന് 80 ഡോളറോളമായി.

*******************

## ATTUKAL PONKALA

ആറ്റുകാൽ പൊങ്കാലയ്ക്കൊരുങ്ങി തിരുവനന്തപുരം. സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി 24 മണിക്കൂറും നിരീക്ഷണ ക്യാമറ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള തൊള്ളായിരം പൊലീസ് ഉദ്യോഗസ്ഥരെ

കൂടാതെ ഇന്നും നാളെയും 4,500 പോലിസുകാർ കൂടി പ്രത്യേക സുരക്ഷയ്ക്കായി എത്തും. ഇന്ന് ഉച്ച മുതൽ പൊങ്കാല ചടങ്ങുകൾ അവസാനിക്കും വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകും. പൊങ്കാല ദിവസം 10 പോയിന്റുകളിൽ മെഡിക്കൽ ടീമും ആംബുലൻസുകളും സജ്ജമാക്കി.

*******************

## AFGHAN-PAK ATTACKS

പാകിസ്ഥാൻ സൈനിക കേന്ദ്രങ്ങൾക്കെതിരെ കൃത്യവും ഏകോപിതവുമായ വ്യോമാക്രമണം നടത്തിയതായി അഫ്ഗാനിസ്ഥാൻ പ്രതിരോധ മന്ത്രാലയം. റാവൽപിണ്ടിയിലെ നൂർ ഖാൻ എയർബേസ് ഉൾപ്പെടെയുള്ള പ്രധാന പാകിസ്ഥാൻ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമിട്ടാണ് ആക്രമണങ്ങൾ നടത്തിയതെന്ന് അഫ്ഘാനിസ്ഥാൻ, സമൂഹ മാധ്യമത്തിലൂടെ പറഞ്ഞു.

*******************

## SIR

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

*******************

## GOLD RATE

സ്വർണ വില കുറഞ്ഞു. പവന് 2,400 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 24,520 രൂപയും ഗ്രാമിന് 15,565 രൂപയുമാണ് ഇന്നത്തെ വില.

*******************

***********

****